"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് കോൺസ്റ്റാബുലറി സർവ്വീസ് ക്വാട്ടയിൽ നിന്ന് അപേക്ഷിക്കുന്നതിന്, പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കുന്നവർക്ക് മാത്രമേ യോഗ്യതയുണ്ടാകുകയുള്ളു എന്ന് വ്യവസ്ഥ ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(അച്ചടി) നം.78/2025/HOME തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. 18/01/1984 തീയതിയിലെ സ.ഉ(പി)നം.6/84/ആഭ്യന്തരം (SRO നം.69/84) നമ്പർ ഉത്തരവ്
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 24/01/2023,19/03/2024, 26/05/2025 എന്നീ തീയതികളിലെ എ5-2/8/2019-KPSC നമ്പർ കത്തുകൾ

**ഉത്തരവ്**

1) ആംഡ് പോലീസ് ബറ്റാലിയനിലെ ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ (ട്രെയിനി) തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായുള്ള ഒഴിവുകളുടെ 10% പോലീസ്, വിജിലൻസ് വകുപ്പുകളിലെ പോലീസ് കോൺസ്റ്റബിൾമാർ, ഹെഡ് കോൺസ്റ്റബിൾമാർ, ഇതേ റാങ്കിലുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കായി പരാമർശം (1)-ലെ ഉത്തരവ് പ്രകാരം മാറ്റിവയ്ക്കുകയുണ്ടായി. ടി വിശേഷാൽ ചട്ടപ്രകാരം ആംഡ് പോലീസ് എസ്ഐ(ട്രെയിനി) തസ്തികയിലേയ്ക്ക് കോൺസ്റ്റാബുലറി സർവ്വീസ് ക്വാട്ടയിൽ (Departmental Quota)അപേക്ഷ സമർപ്പിക്കുവാൻ പ്രൊബേഷൻ പൂർത്തീകരിക്കണം എന്ന് നിഷ്കർഷിക്കുവാൻ കഴിയാത്തതിനാൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ഉടൻ തന്നെ സർവ്വീസ് ക്വാട്ടയിൽ നിന്നും ടി തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി അപേക്ഷ സമർപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി ബഹു.കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ കണ്ടെത്തുകയുണ്ടായി. തുടർന്ന് ആംഡ് പോലീസ് സബ് ഇൻസെക്ടർ തസ്തികയിലേക്ക് കോൺസ്റ്റാബുലറി സർവ്വീസ് ക്വാട്ടയിൽ (Departmental Quota) അപേക്ഷിക്കുന്നതിന് രണ്ടു വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണമെന്ന വ്യവസ്ഥ ചേർത്ത് SRO നം.69/84 ഭേദഗതി ചെയ്യണമെന്നും, ടി വ്യവസ്ഥ കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സബ് ഇൻസ്പെക്ടർ (കേരള സിവിൽ പോലീസ്), വനിതാ സബ് ഇൻസ്പെക്ടർ (കേരള സിവിൽ പോലീസ്)തസ്തികകൾക്ക് കൂടി ബാധമാക്കണമെന്നും ബഹു.കമ്മീഷൻ പരാമർശം (2) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സബ് ഇൻസ്പെക്ടർ തസ്തികയിലേക്ക് കോൺസ്റ്റാബുലറി സർവ്വീസ്

ക്വാട്ടയിൽ നിന്ന് അപേക്ഷിക്കുന്നതിന്, പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കുന്നവർക്ക് മാത്രമേ യോഗ്യതയുണ്ടാകുകയുള്ളു എന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ബന്ധപ്പെട്ട വിശേഷാൽ ചട്ടം ടി വ്യവസ്ഥ കൂടി ഉൾപ്പെടുത്തി സമയബന്ധിതമായി വിജ്ഞാപനം ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്(27/08/2024 തീയതിയിലെ ADV-A1/217/2024/P&ARD നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 07-07-2025 11:24:43
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്